**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം. 3504 — 19.10.2016 -ൽ മറുപടിക്ക്

## എംപ്ലോയ് മെന്റ് എക്സ്ചേഞ്ചുകളെ നൈപുണ്യ, തൊഴിൽ ക്ഷമതാ വികസന കേന്ദ്രങ്ങളാക്കൽ

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.കെ.വി.അബ്ദുൾ ഖാദർ**<br>**ശ്രീമതി. പി.അയിഷാ പോറ്റി**<br>**ശ്രീ.കെ.ഡി. പ്രസേനൻ**<br>**ശ്രീ.കാരാട്ട് റസാഖ്** | **ശ്രീ.ടി.പി.രാമകൃഷ്ണൻ**<br>**(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി)** |
| എ) എംപ്ലോയ് മെന്റ് എക്സ്ചേഞ്ചുകളെ നൈപുണ്യ, തൊഴിൽ ക്ഷമതാ വികസന കേന്ദ്രങ്ങളാക്കി മാറ്റുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ ; | എ) ഉണ്ട്. |
| ബി) ഉണ്ടെങ്കിൽ പ്രസ്തുത പദ്ധതികളുടെ ലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ ; | ബി) നാഷണൽ എംപ്ലോയ് മെന്റ് സർവ്വീസ് വകുപ്പ് മുഖേന എംപ്ലോയ് മെന്റ് എക്സ്ചേഞ്ചുകളെ തൊഴിൽ നൈപുണ്യ കേന്ദ്രങ്ങളാക്കി മാറ്റുന്ന എംപ്ലോയബിലിറ്റി സെന്റർ പദ്ധതി നടപ്പിലാക്കി വരുന്നു. എംപ്ലോയബിലിറ്റി സെന്ററുകളിൽ രജിസ്റ്റർ ചെയ്യുന്ന അഭ്യസ്തവിദ്യരും തൊഴിൽ രഹിതരുമായ ഉദ്യോഗാർത്ഥികളുടെ അഭിരുചി, സ്കിൽഗ്യാപ് എന്നിവ വിവിധ അസ്സസ്സ്മെന്റ് ടെസ്റ്റുകൾ ഉപയോഗിച്ച് വിലയിരുത്തി ന്യൂനതകൾ കണ്ടെത്തുകയും സോഫ്റ്റ് സ്കില്ലുകൾ, ആശയ വിനിമയ ശേഷി എന്നിവ വർദ്ധിപ്പിക്കുന്നതിന് പരിശീലനം നൽകുന്നതോടൊപ്പം ഉദ്യോഗാർത്ഥികളെ സ്വകാര്യ മേഖലയിലെ തൊഴിൽ നേടിയെടുക്കുവാൻ തൊഴിൽ ദാതാക്കളുമായി നേരിട്ടും ജോബ് ഫെയറുകൾ സംഘടിപ്പിച്ചും അവസരം ഉണ്ടാക്കിക്കൊടുക്കുക എന്നതാണ് എംപ്ലോയബിലിറ്റി സെന്ററുകളുടെ ലക്ഷ്യം. |

| | | | |
|---|---|---|---|
| **സി)** | ഇതിനായി നാഷണൽ സ്കിൽ ഡവലപ്പ് മെന്റ് സെന്ററിൽ നിന്ന് സാമ്പത്തിക സഹായം ലഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ ; | **സി)** | ഇല്ല |
| **ഡി)** | എംപ്ലോയ് മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്ത ഭിന്നശേഷിയുള്ളവർക്ക് അനുയോജ്യമായ തൊഴിൽ കണ്ടെത്തുന്നതിന് ഏതെങ്കിലും തരത്തിലുള്ള നടപടി സ്വീകരിക്കുന്നുണ്ടോ? | **ഡി)** | ഉണ്ട്. എംപ്ലോയ് മെന്റ് എക്സ്ചേഞ്ചിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഭിന്നശേഷിയുള്ള ഉദ്യോഗാർത്ഥികൾക്കായി "കൈവല്യ" എന്ന പേരിൽ ഒരു സമഗ്ര തൊഴിൽ പുനരധിവാസ പദ്ധതി നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ